**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 99** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദസഞ്ചാരമേഖലയിലെ അപകടമരണങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. കെ. നവാസ്

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. കല്ലട്ര മാഹിൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** വിനോദസഞ്ചാരമേഖലകളിൽ അപകടമരണങ്ങൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത അപകടമരണങ്ങൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച് പരിചയമില്ലാത്ത ജലാശയങ്ങളിലും ബീച്ചുകളിലും ഇറങ്ങുമ്പോഴും പെട്ടെന്നുള്ള കാലാവസ്ഥ മാറ്റവും മൂലമാണ് ഇത്തരം അപകടങ്ങൾ കൂടുതലായി സംഭവിയ്ക്കുന്നത്.

**(സി)** അപകടമരണങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് സുരക്ഷയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗമായുള്ള സാഹസിക ടൂറിസം പദ്ധതികളിലും ഇത്തരം സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്താനുള്ള മാർഗ്ഗരേഖ ഉണ്ടാക്കിയിട്ടുണ്ട് . വിനോദസഞ്ചാരികളുടെ സുരക്ഷ മുൻനിർത്തി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പോലീസ് നിരീക്ഷണവുമുണ്ടാകാറുണ്ട് . വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദ സഞ്ചാരികൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട് . അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങളും സ്ഥാപിച്ചിട്ടുണ്ട് . രാത്രികാലങ്ങളിലും കാണാൻ കഴിയുന്നതും ഏകീകൃത മോഡലിലുള്ളതുമായ വിവിധ ഭാഷകളിൽ തയ്യാറാക്കിയ സുരക്ഷാ മുന്നറിയപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് . കൂടാതെ വിനോദസഞ്ചാര

കേന്ദ്രങ്ങളിൽ ലൈഫ് ഗാർഡുകളുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**